**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3837** **27-06-2024 - ൽ മറുപടിയ്ക്ക്**

**മൃഗചികിത്സാ സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് മൃഗചികിത്സാ സേവനങ്ങൾ ആയാസരഹിതമായി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് മൃഗചികിത്സാ സേവനങ്ങൾ ആയാസരഹിതമായി ലഭ്യമാക്കുന്നതിന് ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.<br><br>**വെറ്ററിനറി സേവനം**<br><br>മൃഗചികിൽസ, രോഗനിർണ്ണയം, രോഗനിരീക്ഷണം, രോഗപ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള മൃഗാശുപത്രികളും ലബോറട്ടറികളും വഴി ചെയ്തു വരുന്നു. മൃഗസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ മൃഗാശുപത്രികൾ കൂടാതെ 50 ഓളം പോളി ക്ലിനിക്കുകൾ, 14 ജില്ലാ വെറ്ററിനറിസെന്ററുകൾ, കുടപ്പനക്കുന്നിൽ പ്രവർത്തിയ്ക്കുന്ന മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റൽ, ലബോറട്ടറി ശൃംഖലകൾ എന്നിവ പ്രവർത്തിച്ച് വരുന്നു.<br><br>**മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ**<br><br>കേന്ദ്രാവിഷ്കൃത പദ്ധതിയായ ലൈവ്സ്റ്റോക്ക്ഹെൽത്ത് ആന്റ് ഡിസീസ് കൺട്രോൾ- മൊബൈൽ വെറ്ററിനറി യൂണിറ്റ് എന്ന പദ്ധതിയുടെ കീഴിൽ 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ സംസ്ഥാനത്തെ 29 ബ്ലോക്കുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ച് വരുന്നു. 13 ജില്ലകളിൽ 2 വീതവും ഇടുക്കി ജില്ലയിലെ 3 ബ്ലോക്കുകളിലുമാണ് പ്രസ്തുത യൂണിറ്റുകൾ പ്രവർത്തിയ്ക്കുന്നത്. കൂടാതെ ആർ.കെ.വി.വൈ പദ്ധതി പ്രകാരം പത്തനംതിട്ട, പാലക്കാട്, വയനാട് ജില്ലകളിൽ ഓരോ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ വീതം ജില്ലാടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്നു. എറണാകുളം, കണ്ണൂർ, കൊല്ലം ജില്ലകളിൽ ഓരോ |

| | | | |
|---|---|---|---|
| | | | മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നു. ഈ യൂണിറ്റുകൾ കൂടാതെ RKI പദ്ധതി മുഖേന സംസ്ഥാനത്തെ അവശേഷിക്കുന്ന മറ്റ് ബ്ലോക്കുകളിൽ കൂടി മൊബൈൽ വെറ്ററിനറി യൂണിറ്റുകളും 12 മൊബൈൽ സർജറി യൂണിറ്റുകൾ സംസ്ഥാനമൊട്ടാകെയും സ്ഥാപിക്കുന്നതിനുള്ള അനുമതി സ.ഉ (സാധാ) നമ്പർ 274/2023/പി&ഇ.എ (RKI), തീയതി 04/07/2023 പ്രകാരം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരികയാണ്.<br><br>**<u>രാത്രികാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതി -</u>**<br><br>അടിയന്തിര ഘട്ടങ്ങളിൽ കർഷകരുടെ വീട്ടുപടിക്കൽ മൃഗചികിത്സസേവനം ലഭ്യമാക്കുന്ന രാത്രികാല അടിയന്തിര മൃഗചികിത്സാ സേവനം പദ്ധതി നിലവിൽ 156 കേന്ദ്രങ്ങളിൽ നടപ്പിലാക്കി വരുന്നു. (152 ബ്ലോക്കുകൾ, 3 കോർപറേഷനു കൾ- തിരുവനന്തപുരം, കൊല്ലം, കൊച്ചി, ഒരു മുനിസിപ്പാലിറ്റി - നെയ്യാറ്റിൻകര) വൈകുന്നേരം 6 മണി മുതൽ പിറ്റേന്ന് രാവിലെ 6 മണി വരെയാണ് ഈ സേവനം ലഭിക്കുക. ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചു കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. 2024-25 സാമ്പത്തിക വർഷം പദ്ധതിയ്ക്കായി 1700.44 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | മൃഗാശുപത്രികളുടെ പ്രവർത്തന സമയത്തിന് ശേഷം മൃഗങ്ങൾക്കുണ്ടാകുന്ന അസുഖങ്ങൾ മൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | മൃഗാശുപത്രികളുടെ പ്രവർത്തന സമയത്തിന് ശേഷം മൃഗങ്ങൾക്കുണ്ടാകുന്ന അസുഖങ്ങൾ മൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് രാത്രികാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതി നടപ്പിലാക്കുന്നു. അടിയന്തര ഘട്ടങ്ങളിൽ കർഷകരുടെ വീട്ടുപടിക്കൽ മൃഗചികിത്സ സേവനം ലഭ്യമാക്കുന്ന രാത്രികാല അടിയന്തിര മൃഗചികിത്സാ സേവനം പദ്ധതി നിലവിൽ 156 കേന്ദ്രങ്ങളിൽ നടപ്പിലാക്കി വരുന്നു. (152 ബ്ലോക്കുകൾ, 3 കോർപറേഷനുകൾ- തിരുവനന്തപുരം, കൊല്ലം, കൊച്ചി, ഒരു മുനിസിപ്പാലിറ്റി- നെയ്യാറ്റിൻകര). വൈകുന്നേരം 6 മണി മുതൽ പിറ്റേന്ന് രാവിലെ 6 മണി വരെയാണ് ഈ സേവനം ലഭിക്കുക. ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചു കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. 2024-25 സാമ്പത്തിക വർഷം പദ്ധതിയ്ക്കായി 1700.44 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ മൃഗാശുപത്രി സേവനങ്ങൾ കർഷകർക്ക് പ്രയോജനകരമായ രീതിയിൽ ഓൺലൈനായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | പത്തനംതിട്ട ജില്ലയിൽ ജി.ഐ.എസ് മാപ്പിംഗ് ആർ.എഫ്.ഐ.ഡി ടാഗിംഗ് നടപ്പിലാക്കുന്നതിനുള്ള പൈലറ്റ് പ്രോജക എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഇ-സമൃദ |

| | | | |
|---|---|---|---|
| | | | പ്രോജക്ടിന്റെ നടത്തിപ്പുമായി ബന്ധപ്പെ നിർമ്മിക്കുന്ന വിവിധ സോഫ്റ്റ് വെയ മൊഡ്യൂളുകളുടെ ഒന്നാം ഘട്ട പൂർത്തീകരിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തിന്റെ ഭാഗമായുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് സിസ്റ്റ കുടപ്പനക്കുന്ന് മൾട്ടി സ്പെഷ്യാലിറ്റ ആശുപത്രിയിലും തൃക്കണ്ണാപുരം വെറ്ററിന ഡിസ്പെൻസറിയിലും പ്രാവർത്തികമാക്കിയിട്ടുണ്ട്. പത്തനംതി ജില്ലയിലും മറ്റു ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളില ടി സംവിധാനം നടപ്പിൽ വരുത്തുന്നതിനാവശ്യമായ നടപടിക പുരോഗമിച്ചു വരുന്നു. റീ ബിൽഡ് കേര ഇനിഷ്യേറ്റീവിന്റെ (RKI) കീഴിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് |
| (ഡി) | മൃഗസംരക്ഷണവകുപ്പ് നടപ്പിലാക്കുന്ന മൃഗചികിത്സാ സേവനങ്ങളെക്കുറിച്ച് കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. മൃഗസംരക്ഷണവകുപ്പ് നടപ്പിലാക്കുന്ന മൃഗചികിത്സാ സേവനങ്ങളെക്കുറിച്ച് കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ എന്ന പദ്ധതി സഹായിക്കുന്നു. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള 11 LMTC-കൾ (ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് & ട്രെയിനിംഗ് സെന്റർ) വഴി മൃഗസംരക്ഷണ മേഖലയിലെ വിവിധ പ്രവർത്തികൾ ആദായകരമാക്കുന്നതിന് വേണ്ട വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്റർ സംവിധാനത്തിലൂടെ ടോൾ ഫ്രീ നമ്പറായ 1962-ൽ വിളിച്ച് കർഷകർക്ക് 24 മണിക്കൂറും അവരുടെ വീട്ടു പടിക്കൽ മൃഗചികിത്സാ സേവനം ഉറപ്പു വരുത്തുവാനാകും. |

സെക്ഷൻ ഓഫീസർ